# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.6134 — 04/07/2019 ൽ മറുപടിക്ക്

## റാന്നി താലൂക്കിൽ റീ-സർവ്വെ നടപടികൾ

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | റാന്നി താലൂക്കിൽ എത്ര വില്ലേജുകളിലാണ് ഭൂമിയുടെ റീ-സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എത്ര വില്ലേജുകളിൽ പൂർത്തീകരിക്കാനുണ്ട്; ഏതെങ്കിലും വില്ലേജിൽ ഇനി റീ-സർവ്വെ നടപടികൾ ആരംഭിക്കാനുണ്ടോ എന്നറിയിക്കാമോ; | (എ) | റാന്നി താലൂക്കിലെ ആകെ 10 വില്ലേജുകളിൽ 6 വില്ലേജുകളുടെ റീസർവ്വെ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പൂർത്തീകരിക്കാൻ ശേഷിക്കുന്ന അത്തിക്കയം, ചേത്തക്കൽ, പെരിനാട്, കൊല്ലമുള എന്നീ വില്ലേജുകളിൽ കൊല്ലമുള വില്ലേജിന്റെ റീസർവ്വെ നടപടി ആരംഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | റാന്നി വില്ലേജിൽ നേരത്തെ നടത്തിയ റീ-സർവ്വേയിൽ നിരവധി തെറ്റുകൾ കടന്നുകയറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; വ്യാപകമായ രീതിയിൽ റീ-സർവ്വെയിൽ തെറ്റ് സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. റാന്നി വില്ലേജിന്റെ റീസർവ്വെ ജോലികൾ 1993-2000 കാലഘട്ടത്തിൽ നടന്നിട്ടുള്ളതും, 10/08/2015 ൽ കേരള സർവ്വെ അതിരടയാള നിയമ പ്രകാരം സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും, ലഭ്യമായ 3297 എ.എൽ.സി. അപേക്ഷകൾ പരിഹരിച്ച് 31/07/2017 ൽ സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും, 03/10/2017 ന് ടി വില്ലേജിന്റെ റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. റീസർവ്വെ നടപടി പുരോഗതിയിലിരുന്ന കാലയളവിൽ നടന്ന ഭൂക്രയവിക്രയങ്ങൾ സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിന് ശേഷം റീസർവ്വെ പരാതികളായി ലഭ്യമായിട്ടുള്ളതിനാൽ ആയവ റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നതാണ് പ്രധാന |

| | | | |
|---|---|---|---|
| | | | പരാതിയായി ശ്രദ്ധയിൽപ്പെട്ടിരുന്നത്, ഇത്തരത്തിലുള്ള അപേക്ഷകൾ പൂർണ്ണമായും റീസർവ്വെയിലെ തെറ്റുമൂലം ലഭിച്ചവയല്ല. |
| (സി) | തെറ്റായ റീ-സർവ്വെ നടപടികൾക്കെതിരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്ര പരാതികൾ ഇതിനോടകം പരിഹരിച്ചിട്ടുണ്ട്; ബാക്കിയുള്ളവ എന്നത്തേക്ക് പരിഹരിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | റാന്നി വില്ലേജിന്റെ റീസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയതിനു ശേഷം ലഭ്യമായ 3253 പരാതികളിൽ 2113 പരാതികൾ പരിഹരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ